**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1588** **16-10-2026-ൽ മറുപടിയ്ക്ക്**

**മലബാർ അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിയും കുന്ദമംഗലത്തെ കളിക്കള നവീകരണവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മലബാർ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതിയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

**മറുപടി:** മലബാർ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 2026-27 ലെ ബഡ്ജറ്റ് സ്പീച്ചിൽ 50 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 17.09.2026 ൽ റീഇമാജിനിംഗ് കേരളം എന്ന റൗണ്ട് ടേബിൾ കോൺഫറൻസിൽ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയും ഇതിന്റെ ഒരു പ്രാഥമിക രൂപ രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മാവൂരിൽ അടഞ്ഞുകിടക്കുന്ന ഗ്വാളിയോർ റയോൺസിന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുത്ത് വിനിയോഗിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ നിലവിലുള്ള കളിക്കളങ്ങളും കായിക കേന്ദ്രങ്ങളും നവീകരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**മറുപടി:** കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഗ്രാമീണ മേഖലകളിൽ നിലവിലുള്ള കളിക്കളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ പടനിലം മിനി സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്കായി 1 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തി 55 മീ. x 35 മീ. വലിപ്പമുള്ള ഫുട്ബോൾ കോർട്ട്, 18 മീ. x 9 മീ. വലിപ്പമുള്ള വോളിബോൾ കോർട്ട്, 13.41 മീ. x 6.1 മീ. വലിപ്പമുള്ള രണ്ട് ബാഡ്മിൻറൺ കോർട്ട്, 9

മീ. ഉയരത്തിൽ ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് നടപ്പിലാക്കുന്നത്.

2.ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളന്നൂർ ഗ്രൗണ്ട് വികസന പ്രവൃത്തിയ്ക്കായി 1 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തി 53 x 38 മീ. വലിപ്പമുള്ള മഡ് ഫുട്ബോൾ കോർട്ട്, 40 മീ. നീളമുള്ള സ്റ്റെപ്പ് ഗ്യാലറി, ഓഫീസ് റൂമും ജെൻ്റ്സ് & ലേഡീസ് ടോയിലറ്റും ഉൾപ്പെടുന്ന യൂട്ടിലിറ്റി ബിൽഡിംഗ്, 210 മീ. നീളത്തിലും 9 മീ. പൊക്കത്തിലും ചെയിൻ ലിങ്കോട് കൂടിയ ഫെൻസിംഗ് എന്നിവയാണ് നടപ്പിലാക്കുന്നത്

**സെക്ഷൻ ഓഫീസർ**